**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **07-12-2022 - ൽ മറുപടിയ്ക്ക്**

**പാണ്ടി-പട്ടപ്പ് ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിൽ വരുന്ന പാണ്ടി-പട്ടപ്പ് ഫോറസ്റ്റ് റോഡ് , നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഗതാഗതയോഗ്യമാക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ ഹർജിയിന്മേൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | പാണ്ടി- പട്ടപ്പ് റോഡിന് നബാർഡിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി 98,50,000/-രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. ദേലംപാടി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പാണ്ടി-പട്ടപ്പ് റോഡിന്റെ നീളം 6.5 കി.മീറ്റർ ആണ്. ആയതിൽ 2.471 കി.മീറ്റർ റോഡ് അഡൂർ റിസർവ്വ് ഫോറസ്റ്റിലൂടെ കടന്നുപോകുന്നു. 250-ൽ അധികം കുടുംബങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് ഈ റോഡ് മാത്രമാണ് ഉപയോഗത്തിലുള്ളത്. ഡി.പി.ആർ, നബാർഡ് അംഗീകരിക്കുന്ന മുറയ്ക്ക് മേൽ റോഡിന്റെ പ്രവൃത്തകൾ ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | ഇതിന്റെ ഡി.പി.ആർ. അനുമതിക്കായി നബാർഡിനു സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | പാണ്ടി- പട്ടപ്പ് റോഡിന് നബാർഡിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി 98,50,000/-രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. ദേലംപാടി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പാണ്ടി-പട്ടപ്പ് റോഡിന്റെ നീളം 6.5 കി.മീറ്റർ ആണ്. ആയതിൽ 2.471 കി.മീറ്റർ റോഡ് അഡൂർ റിസർവ്വ് ഫോറസ്റ്റിലൂടെ കടന്നുപോകുന്നു. 250-ൽ അധികം കുടുംബങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് ഈ റോഡ് മാത്രമാണ് ഉപയോഗത്തിലുള്ളത്. ഡി.പി.ആർ, നബാർഡ് അംഗീകരിക്കുന്ന മുറയ്ക്ക് മേൽ റോഡിന്റെ പ്രവൃത്തകൾ ആരംഭിക്കാൻ കഴിയുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ സമർപ്പിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ? | (സി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ